NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR

Date: 19/03/16

TITLE: **സെറിബ്രൽ പാൾസി: സ്പീച് ലാംഗ്വേജ് തെറാപ്പിയുടെ പ്രാധാന്യം**

Vocational Paper Series No: 05 Vol:2016/03

തലച്ചോറിനുണ്ടാകുന്ന അപാകതകൾ ശരീര പേശികളുടെ നിയന്ത്രണത്തെ പ്രതികൂലമായി ബാധിക്കുന്ന അവസ്ഥയാണ് സെറിബ്രൽ പാൾസി. ഈ അവസ്ഥ കാരണം പേശികളുടെ ബലം കുറയുകയോ, പേശികൾ വലിഞ്ഞ് മുറുകുകയോ, അത് തമ്മിലുള്ള ബന്ധം കുറയുകയോ ചെയ്യുന്നു. ഈ അവസ്ഥയുടെ പ്രത്യേകത എന്തെന്നാൽ കാലം ചെല്ലും തോറും ഇത് മോശമാകുന്നില്ല.

പല കാരണങ്ങൾ കൊണ്ട് സെറിബ്രൽ പാൾസി ഉണ്ടാകുന്നതാണ്.
ഇവയെ മൂന്നായി തരം തിരിക്കാം

- ഗർഭാവസ്ഥയിൽ ഉണ്ടാകുന്ന കാരണങ്ങൾ
- ജനിച്ച ഉടനെ ഉണ്ടാകുന്ന കാരണങ്ങൾ
- കുട്ടിയുടെ ഒരു വയസ്സ് വരെയുള്ള കാലയളവിൽ ഉണ്ടാകുന്ന കാരണങ്ങൾ

ശരിയായ പരിശീലനം ശരിയായ സമയങ്ങളിൽ ലഭിക്കുകയാണെങ്കിൽ കുട്ടിയ്ക്ക് സാധാരണ രീതിയോട് അടുത്ത ജീവിതം നയിക്കുവാൻ സാധിക്കും. സെറിബ്രൽ പാൾസി ശരീരത്തിന്റെ പല പ്രവർത്തനങ്ങളെ ബാധിക്കുന്നതിനാൽ വിവിധ മേഖലയിലുള്ളവരുടെ സഹായം വേണ്ടിവരും.

- പീഡിയാട്രിക് ന്യൂറോളജിസ്റ്റ്
- ഫിസിയോതെറാപിസ്റ്റ്
- ഓർത്തോപീഡിക് കൺസൾട്ടന്റ്
- ഒഫ്താൽമോളജിസ്റ്റ്
- സോഷ്യൽവർക്കർ
- സ്പീച്ച് ലാഗ്വേജ് പത്തോളജിസ്റ്റ്

**സെറിബ്രൽ പാൾസിയിൽ സ്പീച്ച് ലാഗ്വേജ് പത്തോളജിസ്റ്റ് കൈകാര്യം ചെയ്യുന്ന മേഖലകൾ**

സ്പീച് എന്നു പറഞ്ഞാൽ സംസാരം, ലാംഗ്വേജ് എന്നു പറഞ്ഞാൽ ഭാഷ. ആളുകൾക്കിടയിൽ പരസ്പരമുള്ള ആശയവിനിമയത്തിന് ഉപയോഗിക്കുന്ന മാധ്യമമാണ് ഭാഷ. ഭാഷയെ ശബ്ദത്തിലുടെ പ്രകടിപ്പിക്കുന്നതാണ് സംസാരം. തലച്ചോറിന്റെ ആജ്ഞകൾ അനുസരിച്ച് പ്രവർത്തിക്കുന്ന പേശികളുടെ ചലനം മൂലമാണ് സംസാരം ഉണ്ടാകുന്നത്. തലച്ചോറിന്റെ ശരിയായ പ്രവർത്തനം ഭാഷ രൂപീ

കരിക്കുന്നതിനും സംസാരത്തിനും വളരെ പ്രധാനമാണ്. ആശയ വിനിമയത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും, വദനപേശികളിൽ ഉണ്ടാകുന്ന അപാകതകളും ആണ് സെറിബ്രൽ പാൾസിയിൽ സ്പീച്ച് ലാഗ്വേജ് പത്തോളജിസ്റ്റ് (SLP) കൈകാര്യം ചെയ്യുന്ന മേഖലകൾ.

**സെറിബ്രൽ പാൾസിയുള്ള കുട്ടികളുടെ ഭാഷയിലും സംസാരത്തിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ**

സെറിബ്രൽ പാൾസി കൊണ്ട് പേശികൾക്ക് ബലകൂടുതലോ കുറവോ ഉണ്ടാകുന്നു. ഈ അവസ്ഥ സംസാരത്തിന് ഉപയോഗിക്കുന്ന പേശികൾക്ക് ഉണ്ടാകുമ്പോൾ അവർ ആശയവിനിമയം നടത്തുന്നത് ചെറിയ വാക്യങ്ങളിലും ശബ്ദത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുക.യും സംസാര വേഗതയിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നു. പല കാരണങ്ങൾ കൊണ്ട് ഭാഷാവികാസം CP-യിൽ തടസ്സമായി വരാം.മസ്തിഷ്കത്തിലുള്ള ക്ഷതത്തിന്റെ തീവ്രത, ചലനപരിമിതികൊണ്ട് ചുറ്റും നടക്കുന്ന കാര്യങ്ങളിൽ അനുഭവപരിചയം കുറയുക എന്നീ കാരണങ്ങൾ കൊണ്ട് ഭാഷാവികാസം CP-യിൽ തടസ്സമാകുന്നു.

**ആശയവിനിമയം മെച്ചപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ**

രക്ഷകർത്താക്കൾ എന്ന നിലയിൽ നിങ്ങളുടെ കുട്ടിയുടെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ട്, കുട്ടി അത് ആവശ്യപ്പെടുന്നതിനു മുൻപ് തന്നെ സാധിച്ചു കൊടുക്കാതിരിക്കുക. അങ്ങനെ ചെയ്യുന്നത് വഴി കുട്ടിക്ക് ആശയ വിനിമയം നടത്തേണ്ട ആവശ്യകത മനസ്സിലാക്കി കൊടുക്കുവാൻ കഴിയില്ല.

**സെൽഫ് ടോക്ക്**

കുട്ടി രക്ഷകർത്താവിനെ ശ്രദ്ധിക്കുന്ന സമയത്ത് അവർ എന്തു ചെയ്യുന്നുവോ അത് പറഞ്ഞുകൊണ്ട് ചെയ്യുക. അതിന് കുട്ടി നമ്മുടെ തൊട്ടടുത്ത് ഉണ്ടാകണമെന്നില്ല. പറയുന്നത് കേൾക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തിയാൽ മതിയാകും.

**പാരലൽ ടോക്ക്**

കുട്ടി ചെയ്യുന്ന പ്രവർത്തിയെ രക്ഷകർത്താവ് വാക്കുകളിൽ പറയുന്നതിനെയാണ് പാരലൽ ടോക്ക് എന്ന് പറയുന്നത്. രക്ഷകർത്താവ് കുട്ടി ചിന്തിക്കുന്നതും പറയാൻ ആഗ്രഹിക്കുന്നതുമായ കാര്യങ്ങൾക്ക് ഭാഷ നൽകുകയാണ് ഇവിടെ ചെയ്യുന്നത്.

ശരിയായ രീതിയിലുള്ള ആശയവിനിമയത്തിന് ഉടൻ തന്നെ പ്രോത്സാഹനം നൽകുകയെന്നുള്ളതും വളരെ പ്രധാനമാണ്. CPയുള്ള ചിലകുട്ടികളിൽ അതിന്റെ തീവ്രതയനുസരിച്ച് പേശികളുടെ ചലനശേഷിയെ ബാധിക്കുകയും അതു മൂലം ഫലപ്രദമായി സംസാരത്തിലൂടെ ആശയവിനിമയം നടത്താൻ

സാധിക്കാതെയും  വരുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ എ.എ.സി എന്ന മാർഗ്ഗത്തിലൂടെ ആശയവിനിമയം നടത്താവുന്നതാണ്.

## വദന പേശികളുടെ അസ്വാഭാവികത കൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

സെറിബ്രൽ പാൾസികൊണ്ട് നാക്ക്, താടി, ചുണ്ട്, വായ, എന്നിവയുടെ പേശികളുടെ ചലനങ്ങളെ ബാധിക്കുമ്പോൾ അവർക്ക് ആഹാരം ചവച്ചിറക്കാൻ ബുദ്ധിമുട്ട് ഉണ്ടാവുകയും വായിൽ നിന്ന് ഉമിനീര് ഒലിക്കുകയും, വലിച്ചു കുടിക്കാൻ ബുദ്ധിമുട്ട് ഉണ്ടാവുകയും ചെയ്യുന്നു.

## വദന പേശികളുടെ ബുദ്ധിമുട്ടുകൾ മെച്ചപ്പെടുത്തുന്നതിനായി ചില പൊതുവായ വ്യായാമങ്ങൾ

- ഊതുവാൻ പരിശീലിപ്പിക്കുക.
- നാവിനെ ചലിപ്പിക്കുവാൻ ചുണ്ടുകളുടെ മുകളിലും വശങ്ങളിലുമായി തേൻ പോലുള്ള മധുരമുള്ള വസ്തുക്കൾ പുരട്ടി അത് നക്കി എടുക്കുവാൻ പ്രേരിപ്പിക്കുക.
- വായിൽ നിന്ന് ഉമിനീര് ഒലിക്കുന്നത് പലകാരണങ്ങൾ കൊണ്ട് ഉണ്ടാകാം. വായിലെ പേശികളുടെ ബലക്കുറവ്, ഉമിനീർ ഗ്രന്ഥികൾ കൂടുതൽ ഉമിനീർ ഉൽപ്പാദിപ്പിക്കുന്നത്, കുട്ടി കുനിഞ്ഞിരുന്ന് ഏതെങ്കിലും പ്രവർത്തിയിൽ ഏർപ്പെടുമ്പോൾ, ചുണ്ട് കൂട്ടിപ്പിടിക്കാൻ, ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ ഇതിനായി ഫിഗ്ഗർ ബ്രഷ് കൊണ്ട് മോണയിലും നാവിലും പ്രഷർകൊടുക്കുകയും എരിവുള്ള ഭക്ഷണം നൽകുന്നതു വഴി ഉമിനീർ ഇറക്കുവാൻ പഠിപ്പിച്ചുകൊടുക്കാവുന്നതുമാണ്. ഇവ ഒരു SLPയുടെ നിർദ്ദേശപ്രകാരം മാത്രം ചെയ്യുക.

സെറിബ്രൽ പാൾസി പൂർണ്ണമായി ചികിത്സിച്ചു ഭേദമാക്കാൻ കഴിയില്ലെങ്കിലും കുട്ടിയുടെ കഴിവുകളെയും ജീവിത രീതികളെയും ഭേദമാക്കാൻ സാധിക്കും.